# Kerala State Film Awards 2008 Declaration

03-06-2009
Thiruvananthapuram

**KERALA STATE CHALACHITRA ACADEMY**
Sasthamangalam
Thiruvananthapuram 695 010
Phone : 0471- 2310323, 2312214
Fax : 2310322

# 2008-ലെ കേരള സംസ്ഥാന ഫിലിം അവാർഡിന് മത്സരത്തിനെത്തിയവ

## I YmNn{X § Ä

1. കനൽകണ്ണാടി
2. ബയസ്കോപ്പ്
3. കൽക്കട്ട ന്യൂസ്
4. വിലാപങ്ങൾക്കപ്പുറം
5. സ്വർണ്ണം
6. തലപ്പാവ്
7. പച്ചമരത്തണലിൽ
8. രാമൻ
9. ഗുൽമോഹർ
10. പകൽ നക്ഷത്രങ്ങൾ
11. നന്തുണി
12. ഭൂമിമലയാളം
13. മിഴികൾ സാക്ഷി
14. ലാപ്ടോപ്പ്
15. അപൂർവ്വ
16. ട്വന്റി 20
17. മിന്നാമിന്നിക്കൂട്ടം
18. വെറുതെ ഒരു ഭാര്യ
19. ഓർക്കുക വല്ലപ്പോഴും
20. ഒരുപെണ്ണും രണ്ടാണും
21. മാടമ്പി
22. മുല്ല
23. തിരക്കഥ
24. കുരുക്ഷേത്ര
25. ഇന്നത്തെ ചിന്താവിഷയം
26. രൗദ്രം
27. അണ്ണൻ തമ്പി

## I p«n I fpsS Nn{Xw

1. ചിത്രശലഭങ്ങളുടെ വീട്
2. റോബോ

## {I kz I YmNn{Xw

1. പ്രത്യാശ
2. മണൽ

## teJ \ § Ä

1 **മലയാള സിനിമയിലെ ഗ്രാമ വ്യവഹാരങ്ങൾ**
*പി.എസ്.രാധാകൃഷ്ണൻ*

2 **അധീശരാഷ്ട്രീയത്തിന്റെ അവതാരങ്ങൾ**
*അനിൽകുമാർ തിരുവോത്ത്*

3 **വടക്കൻപാട്ട് സിനിമകൾ: ദേശീയതയും സാമൂഹികതയും**
*പി.എസ്.രാധാകൃഷ്ണൻ*

4 **അക്ബർ: അമർചിത്രകഥയ്ക്ക് അപ്പുറം**
*ഷജഹാൻ കാളിയത്ത്*

5 **സാഹിത്യം സിനിമയുടെ ബാദ്ധ്യതയാണോ?**
*രുപേഷ് പോൾ*

6 **ശരീരത്തിനും വീടിനുമിടയിൽ**
*യാക്കോബ് തോമസ്*

7 **കലാകാരനും വിലക്ക്**
*എബ്രഹാം ലിങ്കൺ കെ.ജെ.*

8 **താരസ്വരൂപത്തിന്റെ ഭിന്നമുഖങ്ങൾ**
*എ.ചന്ദ്രശേഖർ*

9 **ഈഡിപ്പസ് പൂച്ചരോഗം അഥവാ മാതൃരതിയുടെ പ്രശ്നങ്ങൾ**
*താഹ മാടായി*

10 **ഭയക്കുന്ന പുരുഷൻ: സിനിമയിലെ പെൺ കാഴ്ചകൾ**
*ഗീഥ*

11 **വീടുവിട്ടു പോകുന്ന ഉണ്ണികൾ**
*കെ.പി.ജയകുമാർ*

12 **മുറിവേറ്റ കാഴ്ചയുടെ ചരിത്രം**
*കെ.പി.ജയകുമാർ*

13 **സിനിമയിലെ വിപ്ലവ നായകൻ കാണികളോട് ചെയ്യുന്നതെന്ത്?**
*കെ.പി.ജയകുമാർ*

14 **തിരക്കഥ എം.ടി.യുടേതാകുമ്പോൾ**
*ഡോ.ആർ.വി.എം.ദിവാകരൻ*

15 **അതിസിനിമ: മലയാളത്തിന്റെ വർത്തമാനം**
*ബി.ആർ.സുമേഷ്*

16 **സ്ത്രീകളും കുട്ടികളും മലയാള സിനിമയിൽ**
*സുധീർ പരമേശ്വരൻ*

17 **പത്തിൽ പത്ത്**
*സെബിൻ എസ്. കൊട്ടാരം*

18 **ദ്വീപിലെ വാവ**
*സെബിൻ എസ്. കൊട്ടാരം*

19 **സിനിമയെ വെല്ലുന്ന സിനിമ**
*യു.ഹരീഷ്*

# ]pkXIw


1. **ബോധതീരങ്ങളിൽ കാലം മിടിക്കുമ്പോൾ**
   *എ.ചന്ദ്രശേഖർ*
2. **രജനീകാന്ത്: നടനും വ്യക്തിയും**
   *ബി.ശ്രീരാജ്*
3. **ദി പ്ലേബാക്ക് ഇൻ മലയാളം സിനിമ**
   *കിരൺ രവീന്ദ്രൻ*
4. **ഭാസ്കര കിരണങ്ങൾ**
   *ജയരാജൻ ജി. വലിയശാല*
5. **നവസിനിമ: ചരിത്രവും പ്രതിസന്ധിയും**
   *ഇ.എം.അഷ്റഫ്*
6. **സത്യൻ അന്തിക്കാടിന്റെ ഗ്രാമീണർ**
   *താഹ മാടായി*
7. **ചലച്ചിത്ര പഠനങ്ങൾ**
   *എസ്.കൃഷ്ണകുമാർ*
8. **ഒരുസിനിമ എങ്ങനെ ഉണ്ടാകുന്നു?**
   *കെ.കെ.ചന്ദ്രൻ*
9. **മലയാള തിരക്കഥ: വളർച്ചയും വർത്തമാനവും**
   *ഡോ.ആർ.വി.എം.ദിവാകരൻ*
10. **എങ്ങനെ നാം മറക്കും?**
    *രവി മേനോൻ*
11. **കാലത്തിനുമുമ്പേ നടന്നവർ**
    *ജോൺപോൾ*
12. **എ.ആർ.റഹ്മാൻ: സംഗീതം ജീവിതം സിനിമ**
    *എ.നന്ദകുമാർ*
13. **സ്റ്റാർട്ട് ആക്ഷൻ ക്യാമറ**
    *നിതാന്ത് എൽ. രാജ്*

# ജൂറി അംഗങ്ങൾ

## ചലച്ചിത്ര വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ.ഗിരീഷ് കാസറവള്ളി | - | ചെയർമാൻ |
| 2. | ശ്രീ.പ്രിയനന്ദനൻ | - | അംഗം |
| 3. | ശ്രീ.സണ്ണിജോസഫ് | - | അംഗം |
| 4. | ശ്രീ.റോഷൻ ആൻഡ്രൂസ് | - | അംഗം |
| 5. | ശ്രീ.വി.റ്റി.മുരളി | - | അംഗം |
| 6. | ശ്രീമതി ബി.എം.സുഹറ | - | അംഗം |
| 7. | ശ്രീമതി ഒ.വി.ഉഷ | - | അംഗം |
| 8. | ഡോ. കെ.എസ്.ശ്രീകുമാർ | - | മെമ്പർ സെക്രട്ടറി |

## രചനാ വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ.വിജയകൃഷ്ണൻ | - | ചെയർമാൻ |
| 2. | ഡോ.സുജാ സൂസൻ ജോർജ്ജ് | - | അംഗം |
| 3. | ശ്രീ.എൻ.പി.സജീഷ് | - | അംഗം |
| 4. | ഡോ. കെ.എസ്.ശ്രീകുമാർ | - | മെമ്പർ സെക്രട്ടറി |

# ചലച്ചിത്ര വിഭാഗം അവാർഡുകൾ

## ജൂറി പരാമർശം

മൊത്തം 27 ഫീച്ചർ ചിത്രങ്ങളും രണ്ട് കുട്ടികളുടെ ചിത്രങ്ങളും രണ്ട് ഹ്രസ്വ ചിത്രങ്ങളുമാണ് ജൂറിയുടെ പരിഗണനയിൽ വന്നത്. ഡോക്യുമെന്ററി വിഭാഗത്തിൽ മത്സരത്തിന് ഒരു ചിത്രം മാത്രം ആയതിനാൽ നിയമാനുസരണം ആ ചിത്രം പരിഗണിച്ചതുമില്ല.

ഫീച്ചർ ഫിലിമുകളിൽ ഏഴെണ്ണം നവാഗതസംവിധായകരുടേതായിരുന്നു എന്നത് സന്തോഷജനകമാണ്. സിനിമകളുടെ പൊതുവായ നിലവാരത്തകർച്ചമൂലം പ്രധാനമത്സരം ഏതാനും ചിത്രങ്ങൾ തമ്മിൽ മാത്രമായി ചുരുങ്ങി. തനതായ സാംസ്കാരിക തനിമ കൊണ്ടും കലാമൂല്യംകൊണ്ടും മലയാളചിത്രങ്ങൾ ഇന്ത്യൻ സിനിമാരംഗത്ത് മുൻപന്തിയിൽ ആയിരുന്നു. ഈ വർഷം പരിഗണനയിൽ വന്ന ചിത്രങ്ങൾ പലതും അന്യഭാഷകളിൽ ഉണ്ടാകുന്ന കച്ചവടസിനിമകളുടെ അനുകരണങ്ങൾ ആയിരുന്നു. നിരർത്ഥകവും ബോധശൂന്യമായ അക്രമരംഗങ്ങൾ കുത്തിനിറച്ചവയായിരുന്നു ഇവയിൽ മിക്കവയും. കഴിഞ്ഞകാല പ്രൗഢി, വരുംകാലങ്ങളിൽ മലയാളസിനിമ വീണ്ടെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടികളുടെ വിഭാഗത്തിൽ പരിഗണനയ്ക്കുവന്ന രണ്ടു ചിത്രങ്ങളും നിലവാരം പുലർത്താത്തതിനാൽ ആ വിഭാഗത്തിൽ അവാർഡുകൾ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു. ഹ്രസ്വചിത്രവിഭാഗത്തിലും നിലവാരക്കുറവ് മൂലം അവാർഡ് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

1. **മികച്ച കഥാചിത്രം** - **ഒരുപെണ്ണും രണ്ടാണും**

**സംവിധായകൻ** - **അടൂർ ഗോപാലകൃഷ്ണൻ**

**നിർമ്മാതാവ്** - **അടൂർ ഗോപാലകൃഷ്ണൻ**

(നിർമ്മാതാവിന് 200,000 രൂപയും, ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 1,00,000 രൂപയും ശില്പവും പ്രശസ്തി പത്രവും)

അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത ഒരു പെണ്ണും രണ്ടാണും എന്ന സിനിമയ്ക്കാണ് അവാർഡ്. തകഴിയുടെ നാലു ചെറുകഥകൾ അവയുടെ സാഹിത്യാംശം ഒട്ടും ചോർന്നുപോകാതെ സിനിമാനുഭവമാക്കിമാറ്റിയിരിക്കുന്നു.

2. **മികച്ച രണ്ടാമത്തെ കഥാചിത്രം** - **ഭൂമിമലയാളം**

**സംവിധായകൻ** - **ടി.വി.ചന്ദ്രൻ**

**നിർമ്മാതാവ്** - **രേവതി ചന്ദ്രൻ, വി.പി.അബീഷ്**

(നിർമ്മാതാവിന് 1,20,000 രൂപയും, ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 75,000 രൂപയും ശില്പവും പ്രശസ്തി പത്രവും)

സ്ത്രീ അഭിമുഖീകരിക്കുന്ന വിഹ്വലതകളുടേയും യാഥാർത്ഥ്യങ്ങളുടെയും സത്യസന്ധമായ ആവിഷ്ക്കാരം.

3. **മികച്ച സംവിധായകൻ** - **അടൂർ ഗോപാലകൃഷ്ണൻ**

**ചിത്രം** - **ഒരു പെണ്ണും രണ്ടാണും**

(1,00,000 രൂപയും ശില്പവും പ്രശസ്തി പത്രവും)

ഏറ്റവും മികച്ച സംവിധായകനുള്ള പുരസ്കാരം അടൂർ ഗോപാലകൃഷ്ണന് ഒരു പെണ്ണും രണ്ടാണും എന്ന ചിത്രത്തിനാണ് ലഭിച്ചത്. സംവിധാനത്തിലെ അസാമാന്യമായ കൈയ്യടക്കവും കൃത്യതയും ഈ സിനിമ ഈടുറ്റതാക്കി.

4. **മികച്ച നടൻ** - **ലാൽ**

**ചിത്രം** - **തലപ്പാവ്**

(75,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

തലപ്പാവിലെ രവീന്ദ്രൻ എന്ന കഥാപാത്രത്തെ മികവോടെ ആവിഷ്ക്കരിച്ചിരിക്കുന്നു. സഹാനുഭൂതി ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു പോലീസുകാരനെ ആഴത്തിലുള്ള അവബോധത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്നു. കഥാപാത്രത്തിന്റെ യൗവ്വനവും വാർദ്ധക്യവും അതീവ തന്മയത്വത്തോടെ ലാൽ കൈകാര്യം ചെയ്തിരിക്കുന്നു.

5. **മികച്ച രണ്ടാമത്തെ നടൻ** - **അനൂപ് മേനോൻ**

**ചിത്രം** - **തിരക്കഥ**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

തിരക്കഥയിലെ അജയ ചന്ദ്രനെ അവതരിപ്പിച്ച അനൂപ് മേനോനാണ് രണ്ടാമത്തെ മികച്ച നടൻ. ഒരു സിനിമാനടന്റെ ഉയർച്ചതാഴ്ചകളും സംഘർഷങ്ങളും നന്നായി അവതരിപ്പിച്ചതിന്.

6. **മികച്ച നടി** - **പ്രിയങ്ക**

**ചിത്രം** - **വിലാപങ്ങൾക്കപ്പുറം**

(75,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഏറ്റവും മികച്ച നടിക്കുള്ള പുരസ്ക്കാരം ലഭിച്ചത് വിലാപങ്ങൾക്കപ്പുറം എന്ന സിനിമയിലെ സാഹിറയെ അവതരിപ്പിച്ച പ്രിയങ്കയ്ക്ക്. മതമൗലികവാദികളുടെ ക്രൂരത ഏല്പിക്കുന്ന ആഘാതവും വേട്ടയാടപ്പെടുന്ന പെൺകുട്ടിയുടെ വിഹ്വലതയും സമർത്ഥമായി അവതരിപ്പിച്ചിരിക്കുന്നു.

7. **മികച്ച രണ്ടാമത്തെ നടി** - **പ്രവീണ**

**ചിത്രം** - **ഒരുപെണ്ണും രണ്ടാണും**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഒരുപെണ്ണും രണ്ടാണും എന്ന സിനിമയിലെ പങ്കിയമ്മയെ തന്മയത്വത്തോടെ അവതരിപ്പിച്ചതിന് പ്രവീണയ്ക്ക് മികച്ച രണ്ടാമത്തെ നടിയുടെ അവാർഡ് ലഭിച്ചു. സങ്കീർണ്ണമായ കഥാപാത്രത്തെ ലളിതവത്ക്കരിക്കാതെ ആവിഷ്ക്കരിച്ചിരിക്കുന്നു.

8. **മികച്ച ഹാസ്യനടൻ** - **മാമുക്കോയ**

**ചിത്രം** - **ഇന്നത്തെ ചിന്താവിഷയം**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഇന്നത്തെ ചിന്താവിഷയത്തിലെ ഷാജഹാനെ അവതരിപ്പിച്ച മാമുക്കോയയ്ക്കാണ് മികച്ച ഹാസ്യനടനുള്ള പുരസ്ക്കാരം. ക്ലീഷേകളില്ലാതെ നിത്യജീവിത്തിലെ നർമ്മം ഈ കഥാപാത്രത്തെ സജീവമാക്കുന്നു.

9. **മികച്ച ബാലതാരം** - **നിവേത തോമസ്**

**ചിത്രം** - **വെറുതെ ഒരു ഭാര്യ**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഏറ്റവും മികച്ച ബാലതാരത്തിനുള്ള അവാർഡ് വെറുതെ ഒരു ഭാര്യ എന്ന സിനിമയിലെ അഞ്ജനയെ അവതരിപ്പിച്ച നിവേത തോമസിന്. മാതാപിതാക്കളുടെ ശിഥിലമായ ബന്ധത്തിനിടയിൽ വീർപ്പുമുട്ടുന്ന ഒരു കുട്ടിയുടെ ജീവിതം ഭാവതീവ്രമാക്കാൻ നിവേതയ്ക്ക് സാധിച്ചു.

10. **മികച്ച കഥാകൃത്ത്** - **ആര്യാടൻ ഷൗക്കത്ത്**

**ചിത്രം** - **വിലാപങ്ങൾക്കപ്പുറം**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഭാരതീയ സമൂഹത്തിലെ ഭിന്നതകൾക്കിടയിൽ ഉഴറുന്ന സാധാരണക്കാരുടെ കഥ മനസ്സിൽതട്ടുംവിധം പറഞ്ഞിരിക്കുന്നു.

11. **മികച്ച ഛായാഗ്രാഹകൻ** - **എം.ജെ.രാധാകൃഷ്ണൻ**

**ചിത്രം** - **ബയസ്ക്കോപ്പ്**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

മികച്ച പ്രകാശവിന്യാസത്തിലൂടെയും മികച്ച ദൃശ്യസംയോജനത്തിലൂടെയും ഒരു പ്രത്യേക കാലഘട്ടത്തെ അനുഭവവേദ്യമാക്കുന്നു.

12. **മികച്ച തിരക്കഥാകൃത്ത്** - **അടൂർ ഗോപാലകൃഷ്ണൻ**

**ചിത്രം** - **ഒരുപെണ്ണും രണ്ടാണും**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ആഖ്യാനത്തിലെ മിതത്വം കൊണ്ട് കരുത്താർജ്ജിച്ച തിരക്കഥ.

13. **മികച്ച ഗാനരചയിതാവ്** - **ഒ.എൻ.വി. കുറുപ്പ്**

**ചിത്രം** - **ഗുൽമോഹർ**

**ഗാനം** - **ഒരുനാൾ ഒരു ശുഭരാത്രി....**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഗുൽമോഹറിലെ ഒരനാൾ ഒരു ശുഭരാത്രി എന്നു തുടങ്ങുന്ന ഗാനത്തിന്റെ കാവ്യമയവും ഹൃദയസ്പർശിയുമായ വരികൾക്ക്.

14.. **മികച്ച സംഗീത സംവിധായകൻ (ഗാനം)** - **എം.ജയചന്ദ്രൻ**

**ചിത്രം** - **മാടമ്പി**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കഥാസന്ദർഭത്തിനു പിൻബലം നൽകുന്ന ഈണങ്ങൾ നൽകിയതിന്.

15. **മികച്ച സംഗീത സംവിധായകൻ (പശ്ചാത്തല സംഗീതം)** - **ചന്ദ്രൻ വെയ്യാട്ടുമ്മേൽ**

**ചിത്രം** - **ബയസ്കോപ്പ്**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സിനിമയുടെ അന്തരീക്ഷത്തിന് അനുയോജ്യമായ ലാവണ്യബോധത്തോടെ പശ്ചാത്തല സംഗീതം ഒരുക്കിയത്.

16. **മികച്ച പിന്നണിഗായകൻ** - **ശങ്കർ മഹാദേവൻ** (കല്ല്യാണകച്ചേരി.....)

**ചിത്രം** - **മാടമ്പി**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

മാടമ്പിയിലെ കല്യാണകച്ചേരി എന്നാരംഭിക്കുന്ന ഗാനം മനോഹരമായി പാടിയതിന്.

17. **മികച്ച പിന്നണിഗായിക** - **മഞ്ജരി** (മുള്ളുള്ള മുരിക്കിന്മേൽ....)

**ചിത്രം** - **വിലാപങ്ങൾക്കപ്പുറം**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

വിലാപങ്ങൾക്കപ്പുറം എന്ന സിനിമയിൽ മുള്ളുള്ള മുരിക്കിന്മേൽ എന്നു തുടങ്ങുന്ന ഗാനം ഭാവസാന്ദ്രമായി ആലപിച്ചതിന്.

18. **മികച്ച ക്ലാസിക്കൽ സിംഗർ** - **ഇല്ല**

**ചിത്രം** -

മത്സരചിത്രങ്ങൾക്കിടയിൽ ഈ ഗണത്തിൽപെടുന്ന ഒരുഗാനം കണ്ടെത്താൻ ജൂറിക്കായില്ല.

19. **മികച്ച ചിത്ര സംയോജക** - **ബീനാപോൾ വേണുഗോപാൽ**

**ചിത്രം** - **ബയസ്ക്കോപ്പ്**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സിനിമയുടെ സങ്കീർണ്ണമായ ആഖ്യാനശൈലിയ്ക്ക് സഹായകരമായ രീതിയിൽ ദൃശ്യങ്ങളെ സൂക്ഷമതയോടെ സംയോജിപ്പിച്ചിരിയ്ക്കുന്നു.

20. **മികച്ച കലാസംവിധായകൻ** - **മനു ജഗത്**

**ചിത്രം** - **കൽക്കട്ട ന്യൂസ്**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സത്യസന്ധവും സർഗ്ഗാത്മകവുമായി ചിത്രത്തിന്റെ സ്ഥലകാലങ്ങളെ സജ്ജീകരിച്ചതിന്.

21. **മികച്ച ശബ്ദലേഖകൻ** - **ടി.കൃഷ്ണനുണ്ണി**
**ഹരികുമാർ**

**ചിത്രം** - **ഒരുപെണ്ണും രണ്ടാണും**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

യഥാതഥമായ ശബ്ദാന്തരീക്ഷം ഉന്നതമായ സാങ്കേതികമികവോടെ സൃഷ്ടിച്ചതിന്.

22. **മികച്ച പ്രോസസ്സിംഗ് ലബോറട്ടറി** - **ചിത്രാഞ്ജലി സ്റ്റുഡിയോ**

**ചിത്രം** - **ബയസ്ക്കോപ്പ്**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സാങ്കേതിക മികവിനും ഗുണമേന്മയ്ക്കും.

23. **മികച്ച മേക്കപ്പ് മാൻ** - **രഞ്ജിത് അമ്പാടി**

**ചിത്രം** - **തിരക്കഥ**

(40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കൃത്രിമത്വം തോന്നാത്ത തരത്തിൽ നടീനടന്മാരെ കഥാപാത്രങ്ങളാക്കി രൂപപ്പെടുത്തിയതിന്.

24. **മികച്ച വസ്ത്രാലങ്കാരം** - **കുമാർ എടപ്പാൾ**

**ചിത്രം** - **വിലാപങ്ങൾക്കപ്പുറം**

(30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കഥാഗതിയെയും കഥാപാത്രങ്ങളെയും പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സാംസ്കാരിക തനിമ ചോർന്നുപോകാതെയുള്ള വസ്താലങ്കാരത്തിന്.

25. **മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ്** - **ശ്രീജ**

**ചിത്രം** - **മിന്നാമിന്നിക്കൂട്ടം**

(30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)

റോസ്മേരി എന്ന കഥാപാത്രത്തിന്റെ വ്യത്യസ്തഭാവങ്ങൾക്ക് തന്റെ ശബ്ദംകൊണ്ട് ജീവൻ നൽകിയതിന്.

26. **മികച്ച കോറിയോഗ്രാഫർ** - **ബൃന്ദ**
**വിനോദ്**

**ചിത്രം** - **കൽക്കട്ട ന്യൂസ്**

(30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കലാചാരുതയോടെ നൃത്തരംഗങ്ങൾ ഒരുക്കിയതിന്.

27. **മികച്ച കലാമൂല്യവും ജനപ്രീതിയും നേടിയ ചിത്രം** - **ഇന്നത്തെ ചിന്താവിഷയം**

**സംവിധായകൻ** - **സത്യൻ അന്തിക്കാട്**

**നിർമ്മാതാവ്** - **എം.ജെ.ആന്റണി**

(നിർമ്മാതാവിനും സംവിധായകനും 80,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)

മാനുഷിക മൂല്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആർജ്ജവത്തോടെയുള്ള ആവിഷ്ക്കാരം.

28. **മികച്ച നവാഗത സംവിധായകൻ** - **മധുപാൽ**

**ചിത്രം** - **തലപ്പാവ്**

(80,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)

വ്യക്തിയും അധികാരവും തമ്മിലുള്ള സംഘർഷത്തെ ഒരു ചരിത്രസന്ദർഭം ഉപയോഗിച്ചുകൊണ്ട് ശക്തവും സഫലവുമായി ആവിഷ്ക്കരിച്ചിരിക്കുന്നു.

## പ്രത്യേക ജൂറി അവാർഡ്

29. **സംവിധായകൻ** - **മധുസൂദനൻ**

**ചിത്രം** - **ബയോസ്ക്കോപ്പ്**

(80,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)

അപൂർവ്വമായ ഒരു ഇതിവൃത്തത്തെ പരീക്ഷണാത്മകമായി അവതരിപ്പിച്ചതിൽ വിജയിച്ചതിന്.

## മികച്ച കുട്ടികളുടെ ചിത്രം

30. **സംവിധായകൻ** - **ഇല്ല**

**ചിത്രം** - **ഇല്ല**

അർഹമായത് കണ്ടെത്തിയില്ല. അവാർഡിനർഹതയുള്ള ആരുമില്ല.

## ഷോർട്ട് ഫിക്ഷൻ

31. **സംവിധായകൻ** - **ഇല്ല**

**ചിത്രം** - **ഇല്ല**

അവാർഡിന് അർഹമായത് ഉണ്ടായിരുന്നില്ല.

## ഡോക്യുമെന്ററി ചിത്രം

31. **സംവിധായകൻ** - **ഇല്ല**

**ചിത്രം** - **ഇല്ല**

ഡോക്യുമെന്ററി വിഭാഗത്തിൽ മത്സരത്തിന് ഒരു ചിത്രം മാത്രമായതിനാൽ നിയമാനുസരണം ആ ചിത്രം പരിഗണനാർഹമല്ല.

# ജൂറി നിർദ്ദേശങ്ങൾ

അതത് വർഷങ്ങളിൽ അവാർഡിന് അർഹമാകുന്ന സിനിമകൾ ഉൾപ്പെടുന്ന ഒരു ഫെസ്റ്റിവൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംഘടിപ്പിക്കേണ്ടതാണ്. ഈയൊരു പ്രവർത്തനം സംസ്ഥാനത്ത് ഉടനീളമുള്ള ആളുകൾക്ക് ഇത്തരം ചിത്രങ്ങൾ കാണുവാനുള്ള അവസരം ഒരുക്കും.

മലായള സിനിമയുടെ മൊത്തത്തിലുള്ള നിലവാരം ഉയർത്തുന്നതിന് സഹായകരമായ വിധത്തിൽ സംസ്ഥാന സർക്കാർ തന്നെ മുൻകൈയെടുത്ത് ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

# രചനാവിഭാഗം അവാർഡുകൾ

## ജൂറി പരാമർശം

വിധി നിർണയത്തിനായി സമിതിയുടെ മുന്നിലെത്തിയത് 13 പുസ്തകങ്ങളും 19 ലേഖനങ്ങളുമാണ്.

മലയാള ചലച്ചിത്ര സാഹിത്യത്തിന്റെ അതിരുകൾ വിസ്തൃതമാവുന്നു എന്നാണ് 2008-ലെ ചലച്ചിത്ര രചനാ അവാർഡിന്റെ പരിഗണനയ്ക്കെത്തിയ കൃതികൾ വ്യക്തമാക്കുന്നത് ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ കൂടുതൽ കൂടുതൽ പ്രസിദ്ധം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഈ പുസ്തകങ്ങളിൽ ഏറെയും ചലച്ചിത്ര പ്രവർത്തകരുടെ അനുഭവക്കുറിപ്പുകളാണ്. പഠന, നിരൂപണങ്ങളിൽ കാര്യമായ പുരോഗതി അനുഭവപ്പെടുന്നില്ല. പുസ്തകങ്ങളേക്കാൾ കൂടുതൽ ലേഖനങ്ങളിലാണ് പഠനങ്ങളും അപഗ്രഥനങ്ങളും സ്ഥാനം പിടിക്കുന്നത്. ഉപരിപ്ലവമായ നിരീക്ഷണങ്ങളും ആശയങ്ങളുടെ ആവർത്തനങ്ങളും ഇവയുടെ മൗലികതയ്ക്കും ശക്തിക്കും മങ്ങൽ ഏൽപ്പിച്ചിരിക്കുന്നു.

1. **മികച്ച സിനിമാ ഗ്രന്ഥം** - **ബോധതീരങ്ങളിൽ കാലം മിടിക്കുമ്പോൾ**

   **ഗ്രന്ഥകർത്താവ്** - **എ.ചന്ദ്രശേഖർ**

   (30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

   ചലച്ചിത്രങ്ങളിലെ കാലബോധത്തെ ആഴത്തിൽ അപഗ്രഥിക്കുന്ന ഈ ഗ്രന്ഥം മൗലികമായ നിരീക്ഷണങ്ങൾക്കൊണ്ടും വിഷയസ്വീകരണത്തിലെ വ്യതിരിക്തത കൊണ്ടും ശ്രദ്ധേയമാവുന്നു. സിദ്ധാന്തങ്ങളുടെ ഭാരംകൊണ്ട് ദുർഗ്രഹമാവാത്ത ആഖ്യാനവും സമഗ്രമായ അപഗ്രഥനവും ഈ രചനയെ മികവുറ്റതാക്കുന്നു. സിനിമയെ കാലത്തിന്റെ സ്പന്ദമാപിനിയായി അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം സവിശേഷമായ ഒരു സംവേദനക്ഷമതയുടെ സർഗ്ഗാത്മകമായ സാക്ഷ്യംകൂടിയാണ്.

2. **മികച്ച സിനിമാ ലേഖനം** - **വടക്കൻപാട്ടു സിനിമകൾ: ദേശീയതയും, സാമൂഹികതയും**

   **ലേഖകൻ** - **പി.എസ്.രാധാകൃഷ്ണൻ**

   (20,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

   മലയാളത്തിന്റെ സമൃദ്ധമായ ഫോക്‌ലോർ പാരമ്പര്യത്തിന്റെ പ്രധാനമായ ഈടുവയ്പ്പായ വടക്കൻപാട്ടുകളെ ആസ്പദമാക്കി മലയാളത്തിൽ ധാരാളം സിനിമകൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയെ നാടോടി സംസ്ക്കാരത്തിന്റെയോ ദേശീയതയുടേയോ അടയാളപ്പെടുത്തലുകളായി പഠിച്ചിട്ടില്ല. അത്തരം ഗൗരവമായ ഒരു ഉദ്യമമാണ് വടക്കൻപാട്ടുകൾ: ദേശീയതയും, സാമൂഹികതയും എന്ന ലേഖനത്തിലൂടെ പി.എസ്.രാധാകൃഷ്ണൻ നടത്തുന്നത്. ദേശീയത എന്ന ഗൗരവമായ രാഷ്ട്രീയ വ്യവഹാരത്തെ വടക്കൻപാട്ട് സിനിമകളുടെ പശ്ചാത്തലത്തിൽ അപനിർമ്മിക്കുകയാണ് ഈ ലേഖനത്തിൽ. വളർന്നുവരുന്ന ഒരു ജ്ഞാനപദ്ധതിയുടെ അടിസ്ഥാനത്തിൽ സിനിമയെ വിശകലനം ചെയ്യുകവഴി വാമൊഴി ചരിത്രപഠനത്തെത്തന്നെ സമ്പന്നമാക്കാൻ ലേഖകൻ ശ്രമിക്കുന്നു.

## ജൂറി നിർദ്ദേശങ്ങൾ

1. തിരക്കഥകൾക്കും ചലച്ചിത്ര പ്രവർത്തകരുടെ അനുഭവക്കുറിപ്പുകൾക്കും പ്രസാധകർ ഏറെയുണ്ടെങ്കിലും പഠനനിരൂപണ ഗ്രന്ഥങ്ങളിൽ സ്വകാര്യ പ്രസാധകർ കാര്യമായ താത്പര്യം കാട്ടുന്നില്ല. മികച്ച ചലച്ചിത്ര പഠന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ചലിച്ചിത്ര അക്കാദമി മുൻകൈയെടുക്കേണ്ടതാണ്.

2. പാഠ്യപദ്ധതിയിൽ സംസ്കാര പഠനത്തിന്റെ ഭാഗമായി ഗൗരവമുള്ള ചലച്ചിത്ര പഠനങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതാണ്.